# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 47-ാം നമ്പർ ചോദ്യം
10.12.2012-ലെ മറുപടിക്ക്

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ

ശ്രീ. ഉമ്മൻചാണ്ടി
ബഹു: മുഖ്യമന്ത്രി

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യത്തിന് ഉപയോഗിച്ചതിനെതിരെ എത്ര ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയുണ്ടായി; | 50 ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശചെയ്യുകയുണ്ടായി. |
| (ബി) സർക്കാർ വാഹനങ്ങളിൽ ലോഗ് ബുക്ക് ഇല്ലാത്തതിന്റെയും ലോഗ് ബുക്ക് ഉള്ള വാഹനങ്ങളിൽ അത് എഴുതാതിരുന്നതിന്റെയും പേരിൽ എത്രപേർക്കെതിെ നടപടി സ്വീകരിക്കുകയുണ്ടായി; | 65 പേർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുകയുണ്ടായി. |
| (സി) ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ ടീം ഈ കാലയളവിൽ എത്ര വാഹനങ്ങൾ പരിശോധിക്കുകയുണ്ടായി; ടൂറിസം വകുപ്പിന്റെ കീഴിൽ ഗ്യാരേജിൽ നിന്ന് ഓപ്പറേറ്റ് ചെയ്യുന്ന എത്ര വാഹനങ്ങൾ പരിശോധിക്കുകയുണ്ടായി; ഏതെല്ലാം നിലയിലുള്ള കുറ്റങ്ങൾ കണ്ടെത്തുകയുണ്ടായി; പരിശോധന നടത്തുകയുണ്ടായിട്ടില്ലെങ്കിൽ കാരണമെന്ത്; | 179 വാഹനങ്ങൾ പരിശോധിക്കുകയുണ്ടായി. ടൂറിസം ഗ്യാരേജിലെ 57 വാഹനങ്ങൾ പരിശോധിക്കുകയുണ്ടായി. വാഹന പരിശോധനയിൽ താഴെപറയുന്ന ന്യൂനതകൾ കണ്ടെത്തുകയുണ്ടായി. (a) ടൂറിസം വകുപ്പ് ഉദ്യോഗസ്ഥർ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നു. (b) വാഹനങ്ങളുടെ ലോഗ് ബുക്കുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. (c) ഡ്രൈവർമാരുടെ ഡ്യൂട്ടി രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ മുതലായവ കൃത്യമായി സൂക്ഷിക്കുന്നില്ല. |
| (ഡി) സർക്കാർ ബോർഡ് പ്രദർശിപ്പിക്കാതെ വാഹനം ഓടിക്കുകയും ലോഗ് ബുക്ക് സത്യസന്ധമായി എഴുതാതിരിക്കുകയും ചെയ്ത എത്ര കേസുകൾ കണ്ടെത്തുക യുണ്ടായെന്നറിയിക്കുമോ? | 25 കേസുകൾ കണ്ടെത്തുകയുണ്ടായി. |

R. [signature]

സെക്ഷൻ ഓഫീസർ